## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 8045 | 16.07.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിതള്ളുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) & ബി) | ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും, കുടിശ്ശികയുള്ളതുമായ വായ്പ, പലിശയും പിഴപലിശയുമുൾപ്പെടെ 25,000/- രൂപ വരെയുള്ളത് എഴുതിത്തള്ളുന്നതിനും, അതിനു മുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിരുന്നു. ടി പദ്ധതിയുടെ കാലാവധി 30.06.2013-ന് അവസാനിച്ചു. ഈ സാഹചര്യത്തിൽ 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പട്ടികവർഗ്ഗക്കാരുടെ 50,000/-രൂപ വരെയുള്ള വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | എങ്കിൽ ഏതൊക്കെ കാലയളവിൽ എടുത്ത ഏതൊക്കെ വായ്പകളാണ് എഴുതി തള്ളുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ